**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ; കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ (ഐ.ഡി. ആർ. ബി), ചീഫ് എഞ്ചിനീയർ പ്രോജക്ട് II, അതുമായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമാണ് ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ഒന്നും നാലും റീച്ചുകൾ പൂർത്തീകരിച്ചതും രണ്ട്, മൂന്ന്, അഞ്ച്, ആറ് റീച്ചുകൾ പൂർത്തീകരിക്കാനുള്ളതുമാണ്. |
| (ബി) | പ്രസ്തുത കനാലിന്റെ രണ്ട്, അഞ്ച് റീച്ചുകളുടെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല. രണ്ട്, അഞ്ച് റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായതിൽ executed quantity, original estimate quantity യേക്കാൾ ഭീമമായി വർദ്ധിച്ചതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സാധൂകരിച്ചിട്ടില്ല.<br><br>പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുവാൻ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇനി എത്ര റീച്ചുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; മുളക്കുളം പഞ്ചായത്തിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ; | (സി) | 2,3,5,6 റീച്ചുകൾ ആണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനും കനാൽ റോഡുകൾ നവീകരിക്കുന്നതിനും കഴിയുന്നതാണ്. |
| (ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തകർന്ന് കിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ഡി) | 2,3,5,6 റീച്ചുകൾ ആണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനും കനാൽ റോഡുകൾ നവീകരിക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ